പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **--2906** **22.06.2012** ൽ മറുപടിക്ക്

<u>പ്രവാസി ലീഗൽ എയ്ഡ് സെൽ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. അൻവർ സാദത്ത്</u><br><u>ശ്രീ. ഷാഫി പറമ്പിൽ</u><br><u>ശ്രീ. പി.എ. മാധവൻ</u><br><u>ശ്രീ. റ്റി.എൻ. പ്രതാപൻ</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ)പ്രവാസി ലീഗൽ എയ്ഡ് സെല്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ ) മനഃപ്പൂർവ്വമുള്ള കുറ്റങ്ങൾക്കല്ലാതെയും വിദേശരാജ്യങ്ങളിൽ നിലവിലുള്ള നിയമങ്ങളെക്കുറിച്ചുള്ള അജ്ഞതമൂലവും വ്യാജ ഇടനിലക്കാരുടെ ചൂഷണത്തിന് വിധേയമായും വിദേശജയിലുകളിൽ കഴിയുന്ന കേരളീയരെ പ്രസ്തുത രാജ്യത്ത് ആവശ്യമായ നിയമസഹായം ലഭ്യമാക്കി തിരികെ നാട്ടിലെത്തിക്കുക എന്നുള്ളതാണ് പ്രവാസി ലീഗൽ എയ്ഡ് സെല്ലിന്റെ പ്രധാന ഉദ്ദേശ്യം. |
| (ബി)വിദേശങ്ങളിൽ നിയമക്കുരുക്കിൽപ്പെട്ട് ജയിലിൽ അടയ്ക്കപ്പെടുന്ന പ്രവാസികൾക്ക് എന്തെല്ലാം സഹായങ്ങളാണ് സെൽ വഴി ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) പ്രവാസി ലീഗൽ എയ്ഡ് സെല്ലിന്റെ പ്രവർത്തനം അതാത് രാജ്യത്തെ ഇന്ത്യൻ എംബസ്സികളുടെ സഹകരണത്തോടെ മാത്രമെ നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ. പ്രസ്തുത പദ്ധതിയിലൂടെ ജയിലിൽ അടയ്ക്കപ്പെട്ടതും മറ്റ് നിയമപ്രശ്നങ്ങൾ നേരിടുന്നതുമായ പ്രവാസികളെ അടിയന്തിര ഘട്ടങ്ങളിൽ സഹായിക്കുന്നതിലേക്കായി എംബസ്സികളിൽ |

അഡ്വക്കേറ്റുകളെ നിയമസഹായം നൽകുന്നതിലേയ്ക്കായി ചുമതലപ്പെടുത്തുന്നതിനും, നോർക്ക - റൂട്ട്സിന്റെ കോൾ സെന്ററിൽ നിയമോപദേശം ലഭ്യമാക്കത്തക്ക രീതിയിൽ നിയമ വിദഗ്ധരുടെ സഹായം ലഭ്യമാക്കുന്നതിനും പീഡിതർക്ക് എംബസിയിൽ എത്തിച്ചേരുന്നതിന് എംബസികൾ വഴി വാഹനങ്ങൾ ഏർപ്പാട് ചെയ്യുന്നതിനും ആണ് ഉദ്ദേശിച്ചിരിക്കുന്നത്. കൂടാതെ വിവിധ മലയാളി സംഘടനകൾ, വിദേശത്തുള്ള നോർക്ക - റൂട്ട്സിന്റെ റസിഡന്റ് റെപ്രസന്റേറ്റീവുകൾ/ കൺസൾട്ടന്റുകൾ, എന്നിവർ മുഖാന്തിരം പ്രവർത്തനം ഏകോപിപ്പിക്കാനും ആലോചനയുണ്ട്.

(സി)സെൽ തുടങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(സി) വിവിധ ഗൾഫ് രാജ്യങ്ങളിലെ ഇന്ത്യൻ എംബസികൾ, കേന്ദ്രവിദേശകാര്യ മന്ത്രാലയം, കേന്ദ്ര പ്രവാസികാര്യ മന്ത്രാലയം എന്നിവയിലൂടെ മാത്രമേ പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ എന്നതിനാലും വളരെ സങ്കീർണമായ നടപടിക്രമങ്ങൾ പരിശോധിച്ച് വരുന്നതിനാലും ഭരണാനുമതി ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ നൽകാൻ കഴിഞ്ഞിട്ടില്ല.

(ഡി)ഇതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ട്?

(ഡി) ഈ സാമ്പത്തിക വർഷം പ്രവാസി ലീഗൽ എയ്ഡ് സെല്ലിനായി 3.90 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ